ഇതുവരെ അതുസംബന്ധിച്ച് ഒരു ഘട്ടം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിശദീകരിച്ച കാര്യങ്ങൾ കൂടി ഗൗരവമായി എടുത്തുകൊണ്ട് ഈ കേസ് അന്വേഷണം കൂടുതൽ ഊർജ്ജസ്വലമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്

(4) മെഡിക്കൽ സ്റ്റോർ ജീവനക്കാരുടെ കൂലി പുതുക്കി നിശ്ചയിക്കൽ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകൾക്കു മാത്രമാണ് മിനിമം കൂലി നിശ്ചയിച്ചിട്ടുള്ളത്. ഫാർമസിസ്റ്റുകൾക്കു നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി കാലാനുസൃതമായി പരിഷ്ക്കരിക്കാനുള്ള നടപടി സ്വീകരിക്കണം. അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി ഷോപ്പുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം നിർണ്ണയിച്ചിട്ടുണ്ട്. ഏകദേശം ഒരു ലക്ഷത്തോളം തൊഴിലാളികൾ വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഫാർമസിസ്റ്റുകൾ അല്ലാത്ത സെയിൽസ് അസിസ്റ്റന്റുമാരായിട്ടുള്ള ജീവനക്കാർക്ക് മിനിമം കൂലിയോ ബോണസ്സോ മറ്റു ക്ഷേമ പദ്ധതികളോ ഒന്നും തന്നെ നിലവിലില്ല. ഈ തൊഴിലാളികൾക്ക് മിനിമം കൂലിയും ബോണസ്സും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള ക്ഷേമപദ്ധതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. അഞ്ചു കൊല്ലത്തിലധികം സർവ്വീസുള്ള, മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്തിട്ടുള്ള സെയിൽസ് അസിസ്റ്റന്റുമാരായിട്ടുള്ള ജീവനക്കാർക്ക് ക്വാളിഫൈഡ് പേഴ്സൺസ് എന്നുള്ള സർട്ടിഫിക്കറ്റ് കൊടുക്കാറുണ്ടായിരുന്നു. അവർക്ക് ഫാർമസിസ്റ്റുകളെപ്പോലെ മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യാനുള്ള അംഗീകാരത്തിന്റെ ഭാഗമാണിത്. അത് ഇപ്പോൾ നിർത്തൽ ചെയ്തിരിക്കുകയാണ്.. ഇത് പുനഃസ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. വിദ്യാസമ്പന്നരായ ചെറുപ്പക്കാരാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. ജീവിക്കാൻ ഏറെ പ്രയാസം അനുഭവിക്കുന്നവരാണ്. അടിമകളെപ്പോലെ ജോലി ചെയ്യുന്നവരാണ്. ഈ വിഭാഗം ജീവനക്കാരുടെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, മെഡിക്കൽ ഷോപ്പുകളിൽ പണിയെടുക്കുന്ന ഫാർമസിസ്റ്റുകൾ ഒഴികെയുള്ള ജീവനക്കാർ ഷോപ്പ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവരാണ്. അവർക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ട് അഞ്ചു വർഷം കഴിഞ്ഞിരിക്കുന്നു. അതു പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അഞ്ചു വർഷത്തെ പ്രവൃത്തി പരിചയമുള്ളവരെ ക്വാളിഫൈഡ് പേഴ്സൺസായി സ്ഥിരീകരിക്കുന്നതിന് എന്തെങ്കിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോ എന്നുള്ള കാര്യം പരിശോധിച്ചിട്ട് അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം തന്നെ ഷോപ്പ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ട് പ്രകാരം ജീവനക്കാർക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ബോണസ്സ് അടക്കമുള്ള ഒരു ക്ഷേമപദ്ധതി, ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നിയമം മന്ത്രിസഭ അംഗീകരിച്ച് നിയമസഭയുടെ പരിഗണനയ്ക്കു വരുന്നുണ്ട്. അതിൽ ഇത് എല്ലാം കവർ ചെയ്യുന്നതാണ്. അതു പാസ്സാക്കി നടപ്പിൽ വരുത്തുമ്പോഴേയ്ക്കും, ഫാർമസിസ്റ്റുകൾ അടക്കമുള്ള മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാർക്കുകൂടി അതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(5) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

ശ്രീ. പി. ജെ. ജോയി: സർ, സംസ്ഥാനത്തെ നിർമ്മാണത്തൊഴിലാളികൾക്ക് ബോണസ് നൽകണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതിനും അതിന് വരവിനത്തിൽ കിട്ടേണ്ടതായ സെസ് സമയബന്ധിതമായി പിരിച്ചെടുക്കാനും നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഇന്ന് ബോണസ് ലഭിക്കാത്ത തൊഴിലാളികളില്ല. എല്ലാ വിഭാഗം തൊഴിലാളികൾക്കും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ബോണസോ ഇൻസെന്റീവോ ലഭിക്കുന്നുണ്ട്. പക്ഷേ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് അത് ലഭിക്കുന്നില്ല. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കുവാൻ, ആ ബോർഡിന് സ്ഥിരം ഓഫീസർമാർ ഉണ്ടാകത്തക്ക വിധത്തിൽ അതിന്റെ പ്രവർത്തനം ക്രമീകരിക്കാൻ, ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നുള്ള നോട്ടീസാണ് തന്നിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ബോണസിന്റെ പ്രശ്നത്തെക്കുറിച്ച് പറയാം. ഇതൊരു കേന്ദ്ര നിയമമാണ്. ഈ നിയമത്തിൽ ക്ഷേമനിധി രൂപീകരിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യവസ്ഥ ചെതിട്ടുള്ള കാര്യങ്ങളിൽ ബോണസ് നൽകുന്ന കാര്യം പ്രത്യേകം പ്രതിപാദിച്ചിട്ടില്ല; മാത്രമല്ല ബോർഡിന്റെ സാമ്പത്തിക ഭദ്രതകൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ ബോണസിനെ സംബന്ധിച്ച് എന്തെങ്കിലും ചെയ്യാൻ പറ്റൂ. ക്ഷേമപദ്ധതികളുടെ ഭാഗമല്ല ഈ ബോണസ്സ്. ബോണസ്സിന് പ്രത്യേകം തുക പിരിക്കണം. എട്ടു ലക്ഷം തൊഴിലാളികളുണ്ട്. ഇതിൽ അംഗങ്ങളായിട്ടുള്ളവർക്ക് 50 രൂപ വച്ച് ബോണസ് കൊടുത്താൽപ്പോലും ഒരു വലിയ തുക ബോണസ് ഇനത്തിൽ ആവശ്യമായി വരും. ബോണസ് കൊടുക്കുക എന്നുള്ളത് ഈ സ്കീമിൽപ്പെടുന്ന ഒരു സംഗതിയല്ല. ഹെസ്സ്റ്റ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡിലാണ് ബോണസ്സ് കൊടുക്കുന്ന ഒരു സ്കീമുള്ളത്. ശമ്പളത്തിന്റെ അഞ്ചു ശതമാനം തുക പിരിച്ചെടുത്താണ് അവർക്ക് ബോണസ് നൽകുന്നത്. ഈ ക്ഷേമനിധി ബോർഡിൽ അങ്ങനെയൊരു തുക പ്രത്യേകമായി പിരിക്കാത്തതുകൊണ്ട് ബോണസ് നൽകുന്നതിനെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായ ബാധ്യത ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ളതുകൂടി കണക്കിലെടുത്തുകൊണ്ട് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly